⇨ *വിവിധ ഏജൻസികളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നുമുണ്ട്* ⇨

**വനാവകാശ നിയമം നടപ്പിലായോ?**

ഗോത്രജനതയ്ക്ക് വനത്തിന്റെ മേലുള്ള പരമ്പരാഗത അവകാശം ഉറപ്പുവരുത്തുന്നതിനായി നടപ്പിലാക്കിയ വനാവകാശ നിയമം (2006) വിപ്ലവാത്മകമായ ഒരു ചുവടുവയ്പ്പായിരുന്നു. 2006ൽ നിയമം നിലവിൽ വന്നിട്ടും 2009 ഏപ്രിൽ 30നാണ് കേരളത്തിൽ നിയമം നടപ്പിലാക്കാൻ മന്ത്രിസഭ തീരുമാനിക്കുന്നത്. വനാവകാശ നിയമ നിർവ്വഹണത്തിന്റെ കേരളത്തിലെ സ്ഥിതി എന്താണ്? വനനശീകരണത്തിന്റെയും ആദിവാസികളുടെ അരക്ഷിതാവസ്ഥകളുടെയും ഫലവത്തായ പരിഹാരമായി നിയമം മാറുന്നുണ്ടോ? വനവിഭവങ്ങളുടെ മേലുള്ള അവകാശവും അധികാരവും ആർക്ക് ? എന്നെല്ലാം വനാവകാശ നിയമത്തിന്റെ പശ്ചാത്തലത്തിൽ കേരളീയം മുൻ ലക്കങ്ങൾ അന്വേഷണം നടത്തിയിരുന്നു. വനാവകാശ നിയമത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് നിയമം യാഥാർത്ഥ്യമാക്കുന്നതിനായുള്ള ശ്രമങ്ങൾ നടക്കുന്ന ആദിവാസി ഊരുകളിൽ നിന്നുള്ള റിപ്പോർട്ടുകളിലൂടെ അന്വേഷിക്കുകയാണ് കേരളീയം.

# സംശയങ്ങൾ ഇനിയും ദൂരീകരിക്കപ്പെടാനുണ്ട്

തുടർ പംക്തിയുടെ ആദ്യഭാഗമായി സംസാരിക്കുന്നു വനാവകാശ നിയമം യാഥാർത്ഥ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന പശ്ചിമഘട്ട വേഴാമ്പൽ ഫൗണ്ടേഷന്റെ ഡയറക്ടർ

**ഡോ. കെ.എച്ച്. അമിതാബച്ചൻ**

**നിലവിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് വനാവകാശ നിയമപ്രകാരം പ്രാക്തന ഗോത്രവർഗ്ഗവിഭാഗങ്ങൾക്ക് ലഭ്യമായ പൊതുവായ ആവാസവ്യവസ്ഥയ്ക്കും വനവിഭവങ്ങൾക്ക് മേലുമുള്ള അവകാശങ്ങൾ നേടിയെടുക്കാനുമായി പ്രവർത്തിക്കുന്നത്?**

കാടർ ആദിവാസികളുടെ ശാക്തീകരണത്തിനും വനവിഭവങ്ങളുടെ പരിപാലനത്തിനും സംരക്ഷണത്തിനുമായി 2004 മുതൽ ആദിവാസികളോടൊപ്പം ഞങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വാഴച്ചാൽ വനം ഡിവിഷനിലെ എട്ട് കാടർ ആദിവാസി ഊരുകളിലടക്കം ഒമ്പത് ഊരുകളിലാണ് വനാവകാശ നിയമം യാഥാർത്ഥ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ഇപ്പോൾ പ്രവർത്തിക്കുന്നത്. വേഴാമ്പലുകളെ നിരീക്ഷിക്കുന്നതുൾപ്പെടെ വർഷങ്ങളായി ആദിവാസികളുടെ മുൻകൈയിൽ നടത്തുന്ന പ്രവർത്തനങ്ങളെ വനാവകാശ നിയമം യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുക മാത്രമാണ് ഞങ്ങൾ ചെയ്യുന്നത്. സൂക്ഷ്മമായി ഉപയോഗിക്കപ്പെട്ടില്ലെങ്കിൽ വനാവകാശ നിയമം അട്ടിമറിക്കപ്പെടാനും വനഭൂമി ലാന്റ് മാഫിയയുടെ കൈവശം എത്തിച്ചേരാനും സാധ്യതയുള്ളതിനാലാണ് പ്രാക്തന ഗോത്രവിഭാഗമായ കാടർ ആദിവാസികളുമായി ചേർന്ന് വനാവകാശ നിയമം യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ ഞങ്ങൾ തീരുമാനിച്ചത്.

വനാവകാശ നിയമം മുന്നോട്ടുവയ്ക്കുന്ന, കമ്മ്യൂണിറ്റി റൈറ്റ് എന്ന ഗോത്രവിഭാഗങ്ങൾക്ക് നൽകപ്പെട്ടിരിക്കുന്ന അവകാശം യാഥാർത്ഥ്യമാക്കുന്നതിനായി അവർ നടത്തുന്ന പ്രവർത്തനങ്ങളെ സഹായിക്കുകയാണ് ഞങ്ങൾ ചെയ്യുന്നത്. Critical Ecosystem Partnership Fund (CEPF), WWF, വനംവകുപ്പ് തുടങ്ങിയ വിവിധ ഏജൻസികളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നുമുണ്ട്. ആദിവാസികളുടെ നിലവിലുള്ള താത്പര്യങ്ങളെയും അവരുടെ സംസ്കാരത്തെയും പാരമ്പര്യത്തെയും മുൻനിർത്തിയാണ് പ്രവർത്തനങ്ങൾ രൂപകല്പന ചെയ്തിരിക്കുന്നത്. ആ

ദിവാസികളുടെ ജീവിതാവസ്ഥ മെച്ചപ്പെടുത്തുന്നതിനും കാടിന്റെ സംരക്ഷണത്തിനും വളരെയധികം സാധ്യതകൾ തുറന്നുതരുന്ന വിപ്ലവാത്മകമായ ഈ നിയമം ആദിവാസി ജനവിഭാഗത്തിന്റെ അജ്ഞതയും പിന്നോക്കാവസ്ഥയും കാരണം നടപ്പിലാകപ്പെടാതെ പോകുന്ന സ്ഥിതിയുണ്ട്. അത് മറികടക്കുക എന്ന ലക്ഷ്യവും ഞങ്ങളുടെ പ്രവർത്തനത്തിനുണ്ടായിരുന്നു. പൂർണ്ണമായും ആദിവാസികളുടെ മുൻകൈയിലായിരുന്നു പ്രവർത്തനങ്ങൾ. ആദിവാസി ഊരുകൾ പൊതുവായി ഉപയോഗിക്കുന്ന ആവാസവ്യവസ്ഥയ്ക്ക് മേൽ ആ ഗോത്രത്തിന് വനാവകാശ നിയമം അവകാശം നൽകുന്നുണ്ട്. പൊതുവായ ആവാസവ്യവസ്ഥയിൽ താമസിക്കുന്നതിനും വനവിഭവങ്ങൾ ഉപയോഗിക്കുന്നതിനും ആദിവാസി ഗോത്രത്തിന് അവകാശം ലഭിക്കുന്നു. അത്തരത്തിൽ നിയമപരിരക്ഷ നൽകുന്ന വനമേഖലയിൽ നിന്നും ആദിവാസികളെ കുടിയൊഴിപ്പിക്കാൻ കഴിയില്ല. പ്രസ്തുത വനമേഖല മറ്റ് മുഖ്യധാരാ പ്രവർത്തനങ്ങൾക്കായി ആദിവാസികളുടെ അംഗീകാരമില്ലാതെ കൈമാറ്റം ചെയ്യാനും പാടില്ല.

വാഴച്ചാൽ വനമേഖലയിലെ 9 ഊരുകൾ കമ്മ്യൂണിറ്റി റൈറ്റ് തങ്ങൾക്ക് നൽകാനുള്ള അപേക്ഷകൾ ജില്ലാതല വനാവകാശ കമ്മറ്റിയ്ക്ക് ഒരുവർഷം മുമ്പ് നൽകിയിരുന്നു. ഒരു വർഷത്തിന് ശേഷം ഇപ്പോൾ അത് പാസായിട്ടുണ്ട്. തൃശൂർ ജില്ലയിൽ നിന്നുള്ള മുഴുവൻ അപേക്ഷകളും കിട്ടിയാൽ മാത്രമെ പരിഗണിക്കാൻ കഴിയൂ എന്ന കാരണം പറഞ്ഞാണ് ജില്ലാതല കമ്മിറ്റി നടപടി വൈകിച്ചത്. എന്നാൽ അവർ പറയുന്നത് നിയമപരമായി തെറ്റാണ്. ജില്ലാതല കമ്മിറ്റി അപേക്ഷകൾ പരിഗണിച്ചാലും അവകാശം നിയമപരമായി നടപ്പിൽ വരുത്തേണ്ട ചുമതല ഊരുക്കൂട്ടത്തിനും പട്ടികവർഗ്ഗ വകുപ്പിനുമാണ്. വാഴച്ചാൽ ഡിവിഷനിലെ പ്രവർത്തനങ്ങൾ ഏതാണ്ട് പൂർത്തിയായതോടെ ചാലക്കുടി വനം ഡിവിഷനിലെയും മലയാറ്റൂർ വനം ഡിവിഷനിലെയും ആറ് ഊരുകളിലേക്ക് കൂടി ഞങ്ങൾ പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ട്.

**വാഴച്ചാൽ മേഖലയിലെ ഊരുകളിൽ വനാവകാശ കമ്മിറ്റി രൂപീകരിക്കപ്പെട്ടിട്ടുണ്ടോ? കമ്മ്യൂണിറ്റി റൈറ്റ് ലഭിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നത് വനാവകാശ കമ്മിറ്റിയാണോ?**

വളരെ നേരത്തെ തന്നെ പട്ടികവർഗ്ഗ വകുപ്പ് വനാവകാശ കമ്മിറ്റി മെമ്പർമാരായി ചിലരെ അവിടെ നിയമിച്ചിരുന്നു. പക്ഷെ എന്തിനാണ് കമ്മിറ്റി രൂപീകരിച്ചതെന്നോ വനാവകാശ കമ്മറ്റി മെമ്പർമാരുടെ ഉത്തരവാദിത്വം എന്താണന്നോ അടുത്തകാലം വരെ അവർക്ക് അറിയില്ലായിരുന്നു. പൊതു ആവാസവ്യവസ്ഥയുടെ മേലുള്ള അവകാശവും വനവിഭവങ്ങളുടെ മേലുള്ള അവകാശവും നേടിയെടുക്കുന്നതിനായി വനാവകാശ കമ്മറ്റി മെമ്പർ പിന്നീട് പ്രവർത്തിച്ച് തുടങ്ങി. പൊതു ആവാസവ്യവസ്ഥ കണ്ടെത്തുന്നതിനായി പങ്കാളിത്ത വനവിഭവ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കുകയും അവർ ആവാസവ്യവസ്ഥയുടെ വിസ്തൃതി കണ്ടെത്തുകയും അതിനുള്ളലുള്ള തടിയേതര വനവിഭവങ്ങളുടെ ലഭ്യതയെക്കുറിച്ച് ഒരു പ്ലാൻ തയ്യാറാക്കുകയും ചെയ്തു. എന്തെല്ലാം വിഭവങ്ങൾ ഏതെല്ലാം സ്ഥലങ്ങളിൽ നിന്നാണ് ഒരോ ഊരുക്കൂട്ടങ്ങളും പതിവായി ശേഖരിച്ചിരുന്നതെന്ന് പോയ വർഷങ്ങളിലെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ അന്വേഷിച്ചാണ് കമ്മ്യൂണിറ്റി റിസോഴ്സ് ഭൂപടം തയ്യാറാക്കിയത്. തേൻ, തെള്ളി എന്നിവ ഉൾപ്പെടെയുള്ള വനവിഭവങ്ങളുടെ ശേഖരണം മുതൽ പുഴയിൽ നിന്നുള്ള മത്സ്യബന്ധനം വരെ ഉൾപ്പെടുന്നതാണ് അവർ തയ്യാറാക്കിയ കമ്മ്യൂണിറ്റി റിസോഴ്സസ്. വനാവകാശ നിയമം യാഥാർത്ഥ്യമായാൽ വനവിഭവങ്ങൾ ശേഖരിക്കുന്നതിനും വിൽക്കുന്നതിനുമുള്ള അധികാരം ഗ്രാമസഭ(ഊരുക്കൂട്ടം)കൾക്കാണ് ലഭിക്കുന്നത്. ഗ്രാമസഭ ഒരു സാമൂഹിക വനവിഭവ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കുകയും അവർ തയ്യാറാക്കിയ പ്ലാനിന്റെ അടിസ്ഥാനത്തിൽ വനവിഭവശേഖരണത്തിന് അനുമതി കൊടുക്കുകയുമാണ് വേണ്ടത്. സാമൂഹിക വനവിഭവ മാനേജ്മെന്റ് കമ്മിറ്റി വനാവകാശ നിയമം കിട്ടിയതിന് ശേഷം രൂപീകരിക്കപ്പെടേണ്ടതാണ്. വനാവകാശ കമ്മിറ്റി തന്നെയാണ് സാമൂഹിക വനവിഭവ മാനേജ്മെന്റ് കമ്മിറ്റിയെന്ന് പലർക്കും തെറ്റിദ്ധാരണയുണ്ട്. ഇത് രണ്ടും രണ്ടാണ്. വനാവകാശ കമ്മിറ്റി വനാവകാശം നേടിയെടുക്കുന്നതിനായുള്ള ഒരു കാര്യനിർവ്വഹണ സമിതി മാത്രമാണ്.

**നിലവിൽ തടിയേതര വനവിഭവങ്ങളുടെ ശേഖരണത്തിനും വിപണനത്തിനും നേതൃത്വം നൽക്കുന്ന വനസംരക്ഷണ സമിതികളുടെയും (വി.എസ്.എസ്), ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികളുടെയും (ഇ.ഡി.സി) പ്ലാനിൽ നിന്നും എങ്ങനെയാണ് സാമൂഹിക വന**



വനസംരക്ഷണ സമിതികളും ഇക്കോ ഡവലപ്മെന്റ് കമ്മറ്റികളുമാണ് നിലവിൽ വനവിഭവ പരിപാലനത്തെക്കുറിച്ച് പ്രാദേശിക തലത്തിൽ തീരുമാനമെടുക്കുന്നത്. ആ റോളിലേക്ക് ഗ്രാമസഭ/ഊരുക്കൂട്ടങ്ങൾ കൂടി എത്തുകയാണ്. വർഷങ്ങളായി തീരുമാനങ്ങളെടുത്ത് പരിചയമില്ലാത്തതിനാൽ ഊരുക്കൂട്ടങ്ങൾ നിലവിൽ ചില പ്രശ്നങ്ങൾ നേരിടുന്നുണ്ട്.

**വിഭവ മാനേജ്മെന്റ് കമ്മിറ്റിയുടെ പ്ലാൻ വ്യത്യാസപ്പെടുന്നത്?**

വനസംരക്ഷണ സമിതികളും ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികളും രൂപീകരിക്കപ്പെടുന്നത് വനം നിയമപ്രകാരമാണ്. തടിയേതര വനവിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള ഒരു പ്ലാൻ അവർ തയ്യാറാക്കുന്നുണ്ട്. എന്നാൽ വനവിഭവങ്ങളുടെ മേലുള്ള നിയന്ത്രണം അപ്പോഴും വനം വകുപ്പിനായിരിക്കും. വി.എസ്.എസ്സിലേയും ഇ.ഡി.കളിലെയും അംഗങ്ങളായ ആദിവാസികൾക്ക് തീരുമാനങ്ങളെടുക്കുന്നതിൽ പങ്കാളിത്തമുണ്ട് എന്നുമാത്രം. പണമിടപാടുകളെല്ലാം വനംവകുപ്പ് ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിലാണ് നടക്കുന്നത്. ആദിവാസികൾ ശക്തരല്ലെങ്കിൽ ഉദ്യോർസ്ഥർക്കായിരിക്കും മേൽക്കൈ. സാമൂഹിക വനവിഭവ മാനേജ്മെന്റ് കമ്മിറ്റി വനാവകാശ നിയമപ്രകാരം രൂപീകരിക്കപ്പെടുന്നതാണ്. അതുപ്രകാരം തീരുമാനമെടുക്കുന്നതിൽ മാത്രമല്ല, അത് നടപ്പാക്കുന്നതിലും മുഖ്യ പങ്ക് ആദിവാസികൾക്ക് തന്നെയാണ്. ശേഖരിക്കുന്ന തടിയേതര വനവിഭവങ്ങൾ വിലനിശ്ചയിച്ച് വിൽക്കുന്നതിനുള്ള പൂർണ്ണാധികാരം അവർക്കുണ്ട്.

സാമൂഹിക വനവിഭവ മാനേജ്മെന്റ് കമ്മിറ്റിയുടെ പ്ലാൻ പ്രകാരമുള്ള സ്ഥലത്തെ വനവിഭങ്ങളുടെ സംരക്ഷണത്തിനായി, വനനിയമപ്രകാരമുള്ള വ്യവസ്ഥകൾ കൂടാതെ ആദിവാസികളുടെ പരമ്പരാഗതമായ സംരക്ഷണ രീതികളെയും പെരുമാറ്റച്ചട്ടമാക്കി നിയമത്തിൽ ഉൾപ്പെടുത്താനുള്ള സ്വാതന്ത്ര്യവും വനാവകാശ നിയമം നൽകുന്നുണ്ട്. ഗ്രാമസഭ തീരുമാനമെടുത്താൽ മതി. ഉദാഹരണമായി മത്സ്യബന്ധനം നിയന്ത്രിക്കുന്നതിന് പരമ്പരാഗത രീതികളുണ്ടെങ്കിൽ അത് നിയമമാക്കി മാറ്റാം. രാത്രികാലങ്ങളിൽ ടൂറിസ്റ്റുകൾ പ്രസ്തുത മേഖലയിലൂടെ പോകുന്നതിൽ അസൗകര്യമുണ്ടെ



ങ്കിൽ അത് നിയന്ത്രിക്കാം.

**എന്തുകൊണ്ടാണ് വനാവകാശ നിയമം നടപ്പിലാക്കുന്നതിൽ കാലതാമസം വരുന്നത്?**

വനാവകാശ നിയമത്തെക്കുറിച്ച് ഉദ്യോഗസ്ഥ തലത്തിൽ ഇപ്പോഴും നിലനിൽക്കുന്ന ചില സംശയങ്ങളാണ് കാലതാമസത്തിന് പ്രധാന കാരണം. വനാവാകശ നിയമത്തിൽ പറയുന്ന ഡവലപ്മെന്റും റൈറ്റും കമ്മ്യൂണിറ്റി റൈറ്റും തമ്മിലുള്ള വ്യത്യാസം പലപ്പോഴും അവർ തിരിച്ചറിയുന്നില്ല. വികസന പ്രവർത്തനങ്ങൾക്കായി ഒരു ഹെക്ടർ ഭൂമി വരെ ഒരു ആദിവാസി ഊരിന് ചോദിക്കാം എന്നതാണ് ഡവലപ്മെന്റും റൈറ്റ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഗ്രാമസഭ കൂടി തീരുമാനമെടുത്ത് ഡി.എഫ്.ഒയ്ക്ക് അപേക്ഷ സമർപ്പിച്ചാൽ അവർക്ക് അതിനുള്ള അംഗീകാരം ലഭിക്കും. എന്നാൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് 75 മരത്തിൽ കൂടുതൽ മുറിക്കാൻ പാടില്ല എന്ന് വ്യവസ്ഥയോടുകൂടിയാണ് ഈ അവകാശം കൈമാറുന്നത്. കമ്മ്യൂണിറ്റ് റൈറ്റ് അതല്ല. പൊതുവായ ആവാസവ്യവസ്ഥയ്ക്കും അവിടെയുള്ള താമസത്തിനും നിയമപരമായ അവകാശം കൊടുക്കുന്ന നിയമമാണത്. ഊരുക്കൂട്ടങ്ങൾ/ഗ്രാമസഭയാണ് അത് നിശ്ചയിക്കേണ്ടത്. വനാവകാശ നിയമം വിപ്ലവാത്മകമാകുന്നതും അതുകൊണ്ടാണ്. വിഭവ പരിപാവനത്തിന്റെ കാര്യത്തിൽ വികേന്ദ്രീകൃതമായി തീരുമാനങ്ങളെടുക്കാൻ ഗ്രാമസഭയ്ക്ക് അംഗീകാരം ലഭിക്കുന്നു എന്നത് ഫെഡറൽ ജനാധിപത്യ സംവിധാനത്തിൽ വലിയ മാറ്റമാണുണ്ടാക്കുന്നത്. വനസംരക്ഷണ സമിതികളും ഇക്കോ ഡവലപ്മെന്റ് കമ്മറ്റികളുമാണ് നിലവിൽ വനവിഭവ പരിപാലനത്തെക്കുറിച്ച് പ്രാദേശിക തലത്തിൽ തീരുമാനമെടുക്കുന്നത്. ആ റോളിലേക്ക് ഗ്രാമസഭ/ഊരുക്കൂട്ടങ്ങൾ കൂടി എത്തിച്ചേരുകയാണ്. വർഷങ്ങളായി തീരുമാനങ്ങളെടുത്ത് പരിചയമില്ലാത്തതിനാൽ ഊരുക്കൂട്ടങ്ങൾ നിലവിൽ ചില പ്രശ്നങ്ങൾ നേരിടുന്നുണ്ട്. അവരെ ആ രീതിയിൽ സജ്ജരാക്കാൻ നമ്മൾ ശ്രമിക്കേണ്ടതുണ്ട്.

വാഴച്ചാലിൽ മേഖലയിൽ കാര്യങ്ങൾ കുറച്ചുകൂടി എളുപ്പമായിരുന്നു. 2004 മുതൽ വേഴാമ്പൽ ഫൗണ്ടേഷൻ ആ മേഖലയിലെ കാടർ ആദിവാസികൾക്കിടയിൽ പ്രവർത്തിക്കുന്നുണ്ട്. വനംവകുപ്പിന്റെയും പട്ടികവർഗ്ഗ വകുപ്പിന്റെയും പ്രവർത്തനങ്ങളെ ഏകോപിപ്പാക്കാൻ അവിടെ ഞങ്ങൾക്ക് നാളുകളായി കഴിയുന്നുണ്ട്. നന്നായി പ്രവർത്തിക്കുന്ന വനസംരക്ഷണ സമിതിയാണ് വാഴച്ചാലുള്ളത്. അതുകൊണ്ടുതന്നെ കമ്മ്യൂണിറ്റിയെ അടിസ്ഥാനപ്പെടുത്തിയുള്ള പ്രവർത്തനങ്ങളിൽ അവിടെയുള്ള ആദിവാസികൾ എപ്പോഴും ഒത്തൊരുമിച്ച് നിന്നിട്ടുണ്ട്. കമ്മ്യൂണിറ്റി പ്രവർത്തനങ്ങൾ കുറവായ സ്ഥലങ്ങളിലെല്ലാം ആദിവാസികൾക്കിടയിൽ ശിഥിലീകരണം സംഭവിച്ചിട്ടുള്ളതായാണ് കാണാൻ കഴിയുന്നത്. കമ്മ്യൂണിറ്റി പ്രവർത്തനങ്ങളുടെ പാരമ്പര്യമുള്ളതുകൊണ്ടാണ് വിഭവ മോണിറ്ററിംഗും തടിയേതര വനവിഭവങ്ങളുടെ പട്ടിക തയ്യാറാക്കലും വളരെ സുഗമമായി അവിടെ നടത്താൻ കഴിഞ്ഞത്.

തടിയേതര വനവിഭവങ്ങളെല്ലാം ഇപ്പോൾ ആദിവാസികൾക്ക് വിപണനം ചെയ്യാൻ കഴിയുന്നത് ആദിവാസി സൊസൈറ്റികൾ വഴിയാണ്. ആദിവാസികളല്ലാത്ത അംഗങ്ങൾ കൂടുതലുള്ള സൊസൈറ്റികൾ ആദിവാസികളെ ചൂഷണം ചെയ്യുന്നുണ്ട്. സൊസൈറ്റിയാണ് വില നിശ്ചയിക്കുന്നത്. പലപ്പോഴും ശരിയായ വില സൊസൈറ്റി നൽകാറില്ല. ഈ ചൂഷണം പൂർണ്ണമായും അവസാനിപ്പിക്കാനും വനാവകാശ നിയമം വഴി സാധ്യമാകുന്നു. പങ്കാളിത്ത വനവിഭവ മാനേജ്മെന്റ് കമ്മിറ്റികൾക്ക് വനവിഭവങ്ങളുടെ വില നിശ്ചയിക്കാനും വിപണനും ചെയ്യാനുമുള്ള അധികാരം വനാവകാശ നിയമം നൽകുന്നുണ്ട്.

**കേരളത്തിൽ മറ്റേതെങ്കിലും സ്ഥലങ്ങളിൽ കമ്മ്യൂണിറ്റി വനാവകാശം കൊടുത്തിട്ടുള്ളതായി അറിയാൻ കഴിഞ്ഞിട്ടുണ്ടോ?**

കേരളത്തിൽ 24 ഇടങ്ങളിൽ കമ്മ്യൂണിറ്റി വനാവകാശം കൊടുത്തതായാണ് അറിയാൻ കഴിഞ്ഞത്. പക്ഷെ അന്വേഷിച്ചപ്പോൾ തടിയേതര വനവിഭവങ്ങൾക്ക് മേലുള്ള അവകാശം മാത്രമാണ് അവിടെങ്ങളിലെല്ലാം കൊടുത്തിട്ടുള്ളത് എന്നാണറിഞ്ഞത്. വനാവകാശ നിയമത്തിലെ സെക്ഷൻ ഒന്നിൽ ബി മുതൽ എം വരെയുള്ള വ്യത്യസ്ത അവകാശങ്ങളെക്കുറിച്ച് പറയുന്നുണ്ട്. അതൊന്നും നൽകിയിട്ടില്ല. ഐ എന്ന വകുപ്പിൽ പറയുന്ന വനവിഭവങ്ങൾ സംരക്ഷിക്കുന്നതിനുള്ള അധികാരം വളരെ പ്രധാനമാണ്. അതും നൽകിയിട്ടില്ല. സാമൂഹിക വനവിഭവ മാനേജ്മെന്റ് കമ്മിറ്റി പലയിടത്തും രൂപീകരിക്കപ്പെട്ടിട്ടില്ല. വനാവകശ നിയമത്തെക്കുറിച്ച് ഉദ്യോഗസ്ഥർക്കുള്ള വ്യക്തതക്കുറവാണ് ഇങ്ങനെ സംഭവിക്കാൻ കാരണം. ■